## പതിമൂന്നാം കേരള നിയമസഭ
## 16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2001 — 16.02.2016-ൽ മറുപടിയ്ക്ക്

## അന്തരീക്ഷ താപനില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എൻ പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പി.എ മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) അന്തരീക്ഷ താപനില ക്രമാതീതമായി വർദ്ധിച്ചുവരുന്നുവെന്ന വാദഗതിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എന്താണ് നിഗമനങ്ങൾ എന്ന് വ്യക്തമാക്കുമോ;<br><br>(സി) അന്തരീക്ഷ താപനില വർദ്ധിക്കുന്നുവെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്നാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്; | (ബി) യും (സി) യും ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം വർദ്ധിച്ചതാണ് അന്തരീക്ഷ താപനില വർദ്ധിച്ചു വരുന്നതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. വ്യവസായവൽക്കരണം വഴി വർദ്ധിച്ച തോതിലുള്ള ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്താലും, ഭൂവുപയോഗത്തിലും കൃഷിയിലും ഉണ്ടായ മാറ്റത്താലും കാർബൺഡൈ ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹ വാതകങ്ങൾ കൂടുതലായി ഭൂമിയിലേയ്ക്ക് പുറംതള്ളപ്പെടുന്നു. ഇതു മൂലം ഭൂമിയുടെ ശരാശരി താപനില വർദ്ധിക്കുക മാത്രമല്ല, ഉഷ്ണകാറ്റ്, കാറ്റിന്റെ ഗതിയിലും മഴയുടെ അളവിലും വ്യതിയാനം, വരൾച്ച തുടങ്ങിവയ്ക്ക് കാരണമാകുകയും ചെയ്യുന്നു. |
| (ഡി) വനവത്ക്കരണം, പരിസ്ഥിതി സംതുലിത പ്രവർത്തനങ്ങൾ എന്നിവ കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധതരം ഫണ്ട് ഉപയോഗിച്ചും അവയുടെ കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടു കൂടിയും വിവിധ വനവൽക്കരണ, വനസംരക്ഷണ പരിപാടികൾ വനം വകുപ്പ് നടപ്പാക്കി വരുന്നു. 31.03.2015 വരെ ദേശീയ വനവൽക്കരണ പരിപാടിയിലൂടെ ഏകദേശം 38406.23 ഹെക്ടറിൽ വിവിധ വനവൽക്കരണ പരിപാടികൾ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഈ വർഷം 1470 ഹെക്ടറാണ് ഈ പദ്ധതിയിൻ കീഴിലെ അംഗീകൃത ലക്ഷ്യം. ദേശീയ ബാംബൂ മിഷന്റെ ധനസഹായത്തോടെയുള്ള പദ്ധതികളിലൂടെ ഗുണമേന്മയുള്ള നല്ലയിനം മുള നട്ടു പിടിപ്പിക്കുന്നതിനും ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികളും വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |

നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം (NAP), ഗ്രീൻ ഇന്ത്യ മിഷൻ (GIM), തുടങ്ങിയ സ്കീമുകളുടെ ഫണ്ട് ഉപയോഗിച്ച് വനനശീകരണം സംഭവിച്ച മേഖലകളിൽ സ്വാഭാവിക വനം വളർത്തിയെടുക്കുന്നതിനും പ്രകൃതി യുടെ നിലനിൽപ്പിനും ജൈവവൈവിധ്യ സംരക്ഷണ ത്തിനുമായി വനവൽക്കരണ നടപടികൾ ഊർജ്ജിത പ്പെടുത്തി വരുന്നു.

സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും ആഗോള താപനത്തെയും, കാലാവസ്ഥാ വ്യതിയാന ത്തെയും ചെറുക്കുന്നതിനും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും, പങ്കാളിത്തത്തോടെയും 'ഹരിതകേരളം ' , 'എന്റെ മരം' , ' വഴിയോര തണൽ ', 'ഹരിത തീരം' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പി ലാക്കിയിട്ടുണ്ട്.

അതീവ ജൈവ വൈവിധ്യ പ്രാധാന്യമുള്ള വനമേഖലകളെ ദേശീയോദ്യാനങ്ങളായും വന്യജീവി സങ്കേതങ്ങളായും കടുവാ സങ്കേതങ്ങളായും അംഗീകൃത മാനേജ്മെന്റ് പ്ലാനുകൾ പ്രകാരം സംരക്ഷിച്ച് പരിപാലിച്ച് വരുന്നു.

കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതു വഴി വനമേഖലയ്ക്കു പുറത്തുള്ള വനവൽക്കരണവും പരിസ്ഥിതി സന്തുലിത പ്രവർത്തനങ്ങളും ബയോ ഡൈവേഴ്സിറ്റി സെൽ നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ